(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി ആവശ്യമെന്ന് കണ്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ ബ്ലോക്കുതല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം

176 (3105)പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്കുതല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടുതൽ ചികിത്സാ സൗകര്യങ്ങളോടുകൂടിയ സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഇവിടെ ഏർപ്പെടുത്തുന്നുവെന്ന് വിശദമാക്കുമോ;

(സി) ഇതിനകം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഈ രീതിയിൽ ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) നടപ്പു സാമ്പത്തികവർഷം ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി സ്റ്റാഫും മറ്റു സൗകര്യങ്ങളുമുള്ള 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടി സി.എച്ച്.സി. ആയി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. സി.എച്ച്.സി. ആയി ഉയർത്തുന്നതോടെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ലഭ്യതയനുസരിച്ച് ഫിസിഷ്യൻ, സർജൻ, ഗൈനക്കോളജി, ശിശുരോഗ വിദഗ്ദ്ധൻ എന്നീ സ്പെഷ്യലിസ്റ്റുകളുടെ സേവനവും കെട്ടിട സൗകര്യം ലഭ്യതയനുസരിച്ച് എക്സ്റേ, ഇ.സി.ജി മുതലായ ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

(സി) ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

"കിഴക്കമ്പലം പഞ്ചായത്തിലെ ഗവൺമെന്റ് ആശുപത്രി വികസനം"

177 (3106) ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏറ്റവും പഴക്കംചെന്ന കിഴക്കമ്പലം പഞ്ചായത്തിലെ മലയിടംതുരുത്ത് ഗവൺമെന്റ് ആശുപത്രിയിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 3 ഡോക്ടർമാരും 40 കിടക്കകളും ആവശ്യമായ ജീവനക്കാരും വാർഡും ക്വാർട്ടേഴ്സും ഉണ്ടായിരുന്ന ഈ ആശുപത്രിയുടെ പ്രവർത്തനം നല്ല നിലയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം - XVII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഈ ആശുപത്രിയിൽ ഇപ്പോൾ 8 കിടക്കകൾ മാത്രമേ നിലവിലുള്ളു. സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ആയതിൽ തീരുമാനമായതിനുശേഷം കിടത്തി ചികിത്സ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ജീവനക്കാരെ പിരിച്ചുവിട്ട നടപടി

178 (3107)പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേറ്റുവായിലെ എം.ഇ.എസ്.റ്റി.എം ആശുപത്രിയിൽ നിന്ന് 12 മുതൽ 18 വരെ വർഷങ്ങൾ സർവ്വീസുള്ളവരെ പിരിച്ചയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) & (ബി) സ്വകാര്യ ആശുപത്രികളിലെ തൊഴിൽ പ്രശ്നങ്ങൾ ആരോഗ്യ വകുപ്പിന്റെ പരിധിയിൽപ്പെടുന്നവയല്ല. തൊഴിൽ പ്രശ്നമെന്ന നിലയിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ ഇതു സംബന്ധിച്ച പരാതി പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

നദികളുടെ മലിനീകരണം തടയാൻ നടപടി

179 (3108)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യങ്ങളും വ്യവസായ മാലിന്യങ്ങളും നദികളിലേക്ക് ഒഴുക്കിവിടുന്നത് തടയുവാനും നിരീക്ഷിക്കുവാനും നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സുശക്തവും കർശനവുമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പെരിയാർ നദിയെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ജലമലിനീകരണം തടയുന്നതിനും, നിയന്ത്രിക്കുന്നതിനും 1974-ലെ ജല മലിനീകരണ നിവാരണ നിയന്ത്രണ നിയമ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1974 മുതൽ പ്രവർത്തിച്ചു വരുന്നു. ബോർഡിൽ നിന്നും ലഭിക്കുന്ന അനുമതി പത്രത്തിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ മാലിന്യങ്ങൾ നിർഗ്ഗമിപ്പിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കാവു. പാഴ്ജലത്തിന്റെ അളവ്, ഗുണനിലവാരം, നിർഗ്ഗമന സ്ഥാനം തുടങ്ങിയ കാര്യങ്ങൾ വ്യവസ്ഥകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. മലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങളും, സീവേജ് സംവിധാനമുള്ള സ്ഥലങ്ങളിൽ (തിരുവനന്തപുരത്തും, കൊച്ചിയിലും) കേരള വാട്ടർ അതോറിറ്റിയ്ക്കും ഇപ്രകാരം അനുമതി പത്രങ്ങൾ വാങ്ങിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly